ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE:26.05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടി എന്നതിലുപരി, രാജ്യത്തിന്റെ വൈകാരിക പ്രകടനം കൂടിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. കേരളത്തിൽ കാലവർഷം അതിശക്തം. 11 ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
3. കൊച്ചി തീരത്ത് ലൈബീരിയൻ കപ്പൽ മുങ്ങിയതിനെ തുടർന്നുള്ള സാഹചര്യങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായിവിജയന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.
4. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ സിപിഐഎം നേതാക്കളെ പ്രതിയാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്തിമ കുറ്റപത്രം സമർപ്പിച്ചു.

RNU TVPM

5. കോവിഡ് കേസുകൾ വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യത്ത് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ICMR.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും

*********************************************

RNU TVPM

## പ്രധാനമന്ത്രി

ദാരിദ്ര നിർമാർജ്ജനം, സാമ്പത്തിക വികസനം എന്നീ ലക്ഷ്യങ്ങളുമായി ഇന്ത്യ മുന്നേറുമ്പോൾ, പാകിസ്ഥാന്റെ ഒരേയൊരു ലക്ഷ്യം ഇന്ത്യയെ ഉപദ്രവിക്കുക എന്നത് മാത്രമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സായുധസേനയുടെയുടെയും, സമ്പദ് വ്യവസ്ഥയുടെയും ശാക്തീകരണം ഇന്ത്യയെ വികസിതമാക്കിത്തീർക്കുമെന്നും ഗുജറാത്തിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടി എന്നതിലുപരി, രാജ്യത്തിന്റെ വൈകാരിക പ്രകടനം കൂടിയാണ്. 140 കോടി ഇന്ത്യക്കാരെയാണ് പഹൽഗാമിൽ ഭീകരർ വെല്ലുവിളിച്ചതെന്നും, ഭീകരകേന്ദ്രങ്ങൾ തകർക്കാൻ ഇന്ത്യൻ സേനയ്ക്ക് താൻ പൂർണ സ്വാതന്ത്ര്യം നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി വഡോദരയിലും ഭുജിലും റോഡ് ഷോയിലും പങ്കെടുത്തു.

*********************************

## മഴ മുന്നറിയിപ്പ്

കേരളത്തിൽ കാലവർഷം അതിശക്തം. കനത്ത മഴയും, രൂക്ഷമായ മഴക്കെടുതികളും വിവിധ ജില്ലകളിൽ ജനജീവിതത്തെ സാരമായി ബാധിച്ചു. അതിതീവ്ര മഴയ്ക്ക്

RNU TVPM

സാധ്യതയുള്ളതിനാൽ പത്തനംതിട്ട മുതൽ കാസർഗോഡ് വരെയുള്ള 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെയും ചുവപ്പ് ജാഗ്രത തുടരും. തൃശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും, മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയുമാണ്. പടിഞ്ഞാറൻ കാറ്റ് കൂടുതൽ ശക്തിപ്രാപിക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപക മഴ തുടരും. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 30 വരെ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി. കേരളതീരത്ത് നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

RNU TVPM

*******************************************

## മഴക്കെടുതി

മഴക്കെടുതി രൂക്ഷമായതോടെ തിരുവനന്തപുരം, കോഴിക്കോട് ഇടുക്കി ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ശക്തമായ മഴയിലും കാറ്റിലും വിവിധ ജില്ലകളിൽ 300-ഓളെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. വയനാട്, കോട്ടയം, കണ്ണൂർ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

ജില്ലാ കളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഉടനീളം അതി തീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ റവന്യു മന്ത്രിയുടെ ഓഫീസിൽ കൺട്രോൾ റൂം തുറന്നു . പൊതുജനങ്ങൾക്ക് 0471 2518655 എന്ന നമ്പറിൽ 24 മണിക്കൂറും കൺട്രോൾ റൂമിൽ ബന്ധപ്പെടാവുന്നതാണ്.

*********************************

## ഇടുക്കി (ഇൻട്രോ)

റെഡ് അലർട്ട് തുടരുന്ന ഇടുക്കിയിലെ ഹൈ റേഞ്ച്, ലോ റേഞ്ച് മേഖലകളിൽ ഇന്ന് പകൽ കനത്ത മഴയും കാറ്റുമുണ്ടായി. മണ്ണിടിച്ചിലും മരം വീഴ്ച്ചയും വിവിധയിടങ്ങളിൽ റിപ്പോർട്ട് ചെയ്തു. 17 പേരെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. മൂന്നാറിലും പരിസരങ്ങളിലും ശക്തമായ മഴയും കാറ്റും തുടരുന്നതിനാൽ ദുരന്ത സാധ്യത മുന്നിൽ കണ്ട് മൂന്നാർ ഗ്യാപ്പ് റോഡിൽ കൂടിയുള്ള രാത്രികാല യാത്ര നിരോധിച്ചു.
വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........
(ഹോൾഡ്)

*********************************

## പത്തനംതിട്ട മഴ (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിരിക്കുന്ന സാഹചര്യത്തിൽ, ജില്ലയിൽ എമർജസി കൺട്രോൾ റൂമുകൾ തുറന്നു. കക്കി ആനത്തോട്, പമ്പ, മൂഴിയാർ ഡാമുകളിൽ നീരൊഴുക്ക് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജലം

RNU TVPM

പുറത്തേക്കൊഴുക്കുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം. മണിമലയാറ്റിലും മഞ്ഞ ജാഗ്രത നിലനിൽക്കുകയാണ്.
വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.
(വോയിസ്)

*********************************

## ആലപ്പുഴ - മഴ

ആലപ്പുഴ ബീച്ചിൽ ഉച്ചക്കുണ്ടായ ശക്തമായ മഴയിലും കാറ്റിലും കട തകർന്ന് ദേഹത്തേക്ക് വീണു പെൺകുട്ടി മരിച്ചു. ഒപ്പമുണ്ടായിരുന്ന സുഹൃത്തിനും ഗുരുതരമായി പരിക്കേറ്റു. കനത്ത മഴയിൽ ജില്ലയിൽ പലയിടത്തും വ്യാപക കൃഷിനാശം സംഭവിച്ചിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി.

*********************************

## കോഴിക്കോട് മഴ (ഇൻട്രോ)

മഴയെത്തുടർന്ന് കോഴിക്കോട് താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പും വടകര താലൂക്കിൽ ഒരു ക്യാമ്പും തുറന്നു. 21 കുടുംബങ്ങളിൽ നിന്നായി 17 കുട്ടികളുമുൾപ്പെടെ 75 പേരാണ് ഈ ക്യാമ്പുകളിലായി കഴിയുന്നത്. ജില്ലയിൽ പുഴകളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ടും രൂപപ്പെട്ടിട്ടുണ്ട്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു
(ഹോൾഡ്)

*********************************

## കണ്ടെയിനറുകൾ-മുഖ്യമന്ത്രി

RNU TVPM

കൊച്ചി തീരത്ത് ലൈബീരിയൻ കപ്പൽ മുങ്ങിയതിനെ തുടർന്നുള്ള സാഹചര്യങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായിവിജയന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. ജനങ്ങൾ ആശങ്കപ്പെടരുതെന്നും, വിവിധ സംവിധാനങ്ങളെ ഏകോപിപ്പിച്ച് സാധ്യമായ എല്ലാ നടപടികളും ചെയ്യുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. തീരപ്രദേശത്ത് ഉള്ളവരും മത്സ്യത്തൊഴിലാളികളും ജാഗ്രത പാലിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കപ്പലിൽ നിന്നുള്ള 35 ലേറെ കണ്ടയിനറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞിട്ടുണ്ട്. ഇവ കൈകാര്യം ചെയ്യുന്നതിനായി രാസവസ്തുക്കൾ സുരക്ഷിതമായി കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച എൻഡിആർഎഫ് പ്രത്യേക സംഘം തമിഴ്നാട്ടിൽ നിന്നും ഇന്ന് രാത്രിയോടെ കൊല്ലത്തെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....

(ഹോൾഡ്)

കണ്ടയിനറുകളിൽ അപകടകരമായ വസ്തുക്കൾ ഉള്ള സാഹചര്യത്തിൽ ഇവ തീരത്ത് കണ്ടെത്തിയാൽ തൊടരുതെന്നും 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിച്ചാൽ 112 എന്ന നമ്പറിൽ

BINU TVPM

അറിയിക്കണം. കപ്പലിൽ നിന്നും കടലിൽ എണ്ണ പടരുന്നത് തടയാനുള്ള പ്രവർത്തനങ്ങളും കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.

*********************************

## കരുവന്നൂർ

കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്തിമ കുറ്റപത്രം സമർപ്പിച്ചു. സിപിഐഎം തൃശൂർ ജില്ലാ സെക്രട്ടറിമാരായിരുന്ന എം എം വർഗീസ്, എ സി മൊയ്തീൻ, കെ രാധാകൃഷ്ണൻ തുടങ്ങിയവരെയും, പാർട്ടിയെ യും പ്രതി പട്ടികയിൽ ഉൾപ്പെടുത്തി. കലൂർ പിഎംഎൽഎ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. അന്തിമ കുറ്റപത്രത്തിൽ പുതുതായി 27 പ്രതികൾ ഉൾപ്പെടെ 83 പ്രതികളുണ്ട്. രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണ് ഇ.ഡി നടപടിയെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ പ്രതികരിച്ചു.

*********************************

## കോവിഡ് -ആശങ്ക

രാജ്യത്ത് കോവിഡ് കേസുകൾ വർദ്ധിക്കുന്നതിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ICMR ഡയറക്ടർ ജനറൽ ഡോ രാജീവ് ബഹൽ . നിലവിൽ ആരിലും രോഗം ഗുരുതരമാകുന്നില്ലെന്നാണ് പൊതുവായ നിരീക്ഷണമെന്നും അദ്ദേഹം പറഞ്ഞു . കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണ്. ഏത്

RNU TVPM

അടിയന്തിര സാഹചര്യവും നേരിടാൻ ആരോഗ്യ സംവിധാനങ്ങൾ പൂർണ സജ്ജമാണെന്നും ശ്രീ രാജീവ് ബഹൽ അറിയിച്ചു.

*********************************

## -നിലമ്പൂർ ഉപ തെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഇന്ന് പുറത്തിറക്കി. കേരളത്തിലെ നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 19ന് നടക്കും. 23നാണ് വോട്ടെണ്ണൽ. സ്ഥാനാർഥി നിർണയത്തിനായി തിരക്കിട്ട രാഷ്ട്രീയ ചർച്ചകൾ പുരോഗമിക്കുകയാണ്.

*********************************

## സ്കൂൾ വർഷാരംഭം;

ജൂൺ 2 ന് സംസ്ഥാനത്ത് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി. സംസ്ഥാനതല പ്രവേശനോത്സവം ആലപ്പുഴ കലവൂർ ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. ജൂൺ 2 ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഇതോടൊപ്പം പ്രവേശനോൽസവ ചടങ്ങുകൾ നടക്കും. സ്കൂളുകളുടെയും, സ്കൂൾ ബസുകളുടെയും കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങളുടെയും ഫിറ്റ്നസ്

RNU TVPM

പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് മുഖ്യമന്ത്രി യോഗത്തിൽ കർശന നിർദ്ദേശം നൽകി.

*********************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. ഇരു ടീമുകളും പ്ലേഓഫിൽ സ്ഥാനം നേടിയെങ്കിലും, ഇന്ന് ജയിക്കുന്ന ടീം ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന് ഉറപ്പിച്ച് ഒന്നാം ക്വാളിഫയർ യോഗ്യത നേടും.

*******************************************************************

*******************************************************************

RNU TVPM